ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 09.10.2024** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. ആയുർവേദ രംഗത്ത് പരമ്പരാഗത മരുന്നുകളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ യുവ തലമുറയെ പ്രോത്സാഹിപ്പിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Droupadi Murmu has emphasized the need to encourage youth to establish enterprises in the Ayurveda sector to increase the availability of traditional medicines across the country.**

2. 21-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും 19-ാമത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും പങ്കെടുക്കാനായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ലാവോസിലെത്തും.

   **Prime Minister Narendra Modi will visit Laos tomorrow to attend the 21st ASEAN-India Summit and the 19th East Asia Summit.**

3. രാജ്യത്ത് സമ്പുഷ്ടീകരിച്ച അരി വിതരണം 2028 വരെ തുടരാൻ കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനം.

   **The Central Cabinet meeting has approved the continuation of supply of fortified rice in the country till 2028.**

4. ഈ വർഷത്തെ രസതന്ത്ര നൊബേൽ പുരസ്കാരം മൂന്നുപേർ പങ്കിട്ടു. പ്രോട്ടീൻ ഘടനാ അനുബന്ധ ഗവേഷണങ്ങൾക്കാണ് പുരസ്കാരം.

   **Nobel Prize in Chemistry goes to 3 Scientists; the award is for protein structure related research.**

5. തൃശ്ശൂർപൂരം അലങ്കോലപ്പെട്ട വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം നിയമസഭ ചർച്ച ചെയ്ത് തള്ളി. വിഷയത്തിൽ സമഗ്ര അന്വേഷണം നടക്കുന്നതായി മന്ത്രി വി എൻ വാസവൻ.

**The Kerala Legislative Assembly has debated and rejected the adjournment motion brought by the opposition seeking a judicial inquiry over disruption of 'Thrissur Pooram.**

6. ഇന്ത്യ-ബംഗ്ലാദേശ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ആരംഭിച്ചു. ടോസ് നേടിയ ബംഗ്ലാദേശ് ഇന്ത്യയെ ബാറ്റിംഗിനയച്ചു; ഏഷ്യൻ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ വനിതാ ടീമിന് വെങ്കലം.

**The second match of the India-Bangladesh Twenty20 cricket series has started. Bangladesh won the toss and sent India into bat; Indian women's team wins bronze at Asian Table Tennis Championship.**

=========================

**HEADLINE-1**

## PREZ- AIIA

ആയുർവേദ രംഗത്ത് പരമ്പരാഗത മരുന്നുകളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ യുവ തലമുറയെ പ്രോത്സാഹിപ്പിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയുടെ എട്ടാമത് സ്ഥാപകദിന ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ആയുർവേദം ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണെന്നും തെറ്റായ പരസ്യങ്ങളിലൂടെ വ്യാജ മരുന്നുകൾ പ്രചരിപ്പിക്കാൻ ചിലർ ശ്രമിക്കുന്നതായും ശ്രീമതി മുർമു പറഞ്ഞു.

***********************************

## REV PREZ - VISIT

രാഷ്ട്രപതി ദ്രൗപതി മുർമു ഞായറാഴ്ച മുതൽ ഏഴുദിവസം അൾജീരിയ, മൗറിറ്റാനിയ, മലാവി എന്നീ രാജ്യങ്ങൾ സന്ദർശിക്കും. അൾജീരിയൻ പ്രസിഡന്റ് അബ്ദുൽ മദ്ജിദ് ടെബൗണിന്റെ ക്ഷണപ്രകാരമാണ് സന്ദർശനത്തിൻറെ ആദ്യ ഘട്ടത്തിൽ ഈ മാസം 13 മുതൽ 15 വരെ രാഷ്ട്രപതി അൾജീരിയ സന്ദർശിക്കുന്നത്. അൾജീരിയൻ പ്രസിഡൻറുമായും ശ്രീമതി മുർമു ഉഭയകക്ഷി ചർച്ചകൾ നടത്തും. ഇന്ത്യ-അൾജീരിയ സാമ്പത്തിക ഫോറത്തെയും സിദി അബ്ദല്ല സയൻസ് ആൻഡ് ടെക്നോളജി പോൾ യൂണിവേഴ്സിറ്റിയെയും രാഷ്ട്രപതി അഭിസംബോധന ചെയ്യും. സന്ദർശനത്തിൻറെ രണ്ടാം ഘട്ടത്തിൽ ഒക്ടോബർ 16 ന് മൗറിറ്റാനിയയും ശ്രീമതി ദ്രൗപതി മുർമു സന്ദർശിക്കും. മൗറിറ്റാനിയ പ്രസിഡിൻറുമായും രാഷ്ട്രപതി ചർച്ച നടത്തും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഒക്ടോബർ 17 മുതൽ 19 വരെ മലാവി സന്ദർശിക്കുന്ന ശ്രീമതി ദ്രൗപതി മുർമു ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും

***********************************

## REV. PM - MAHARASHTRA PROJECT (INTRO)

ചരിത്രത്തിലെ ഏറ്റവും വേഗത്തിലുള്ള വികസനത്തിനാണ് മഹാരാഷ്ട്ര സാക്ഷ്യം വഹിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മഹാരാഷ്ട്രയിൽ 7,600 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് വീഡിയോ കോൺഫെറൻസിങ്ങിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് പി.എം. വോയിസ്)

മറാഠി ഭാഷയുടെ ശ്രേഷ്ഠ ഭാഷാ പദവി ദീർഘകാലത്തെ സ്വപ്ന സാക്ഷാത്ക്കാരമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. നാഗ്പൂരിലെ ബാബാ സാഹേബ് അംബേദ്കർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ 7,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കും ഷിർദി വിമാനത്താവളത്തിലെ 645 കോടി രൂപയുടെ പുതിയ ഇന്റഗ്രേറ്റഡ് ടെർമിനൽ സമുച്ചയത്തിനും ശ്രീ. നരേന്ദ്ര മോദി തുടക്കം കുറിച്ചു. 10 സർക്കാർ മെഡിക്കൽ

കോളേജുകളിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച അദ്ദേഹം മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽസും ഉദ്ഘാടനം ചെയ്തു.
************************************

**HEADLINE-2**

## PM - LAOS

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലാവോസിലെത്തും. ലാവോസ് പ്രധാനമന്ത്രി സോനെക്സെ സിഫാൻഡോണിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. 21-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും 19-ാമത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും മോദി പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യ-ആസിയാൻ ബന്ധത്തിലെ പുരോഗതി, ഭാവി സഹകരണം എന്നിവ ഉച്ചകോടി വിലയിരുത്തും. പ്രാദേശിക പ്രശ്നങ്ങൾ സംബന്ധിച്ചും അംഗരാജ്യങ്ങൾ ചർച്ചകൾ നടത്തും.
************************************

**HEADLINE-3**

## CABINET-BRIEFING (INTRO)

രാജ്യത്ത് വിളർച്ചയും സൂക്ഷ്മ പോഷണത്തിന്റെ കുറവും പരിഹരിക്കുന്നതിന്റെ ഭാഗമായി സമ്പുഷ്ടീകരിച്ച അരി വിതരണം തുടരുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗം അനുമതി നൽകി. പോഷക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് തീരുമാനമെന്ന് ന്യൂഡൽഹിയിൽ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പദ്ധതിക്കായി 17,000 കോടിയിലധികം രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് വോയിസ്)**

പ്രധാൻ മന്ത്രി ഗരീബ് കല്യാൺ യോജനയ്ക്കും മറ്റ് ക്ഷേമ പദ്ധതികൾക്കും കീഴിൽ സമ്പുഷ്ടീകരിച്ച അരിയുടെ സൗജന്യ വിതരണം 2028 ഡിസംബർ വരെ തുടരുന്നതിനാണ് കേന്ദ്ര

മന്ത്രിസഭായോഗം അംഗീകാരം നൽകിയത്. ഗുജറാത്തിലെ ലോഥലിൽ National Maritime Heritage Complex ആരംഭിക്കുന്നതിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകിയതായി ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു. അതിർത്തി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി രാജസ്ഥാൻ, പഞ്ചാബ് സംസ്ഥാനങ്ങളിൽ 2,280 കിലോമീറ്റർ റോഡ് നിർമിക്കും. 4,400 കോടിയിലധികം രൂപയാണ് പദ്ധതി ചെലവായി കണക്കാക്കുന്നതെന്നും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.
**********************************

## RBI REPO RATE

റിപ്പോ നിരക്ക് 6.50 ശതമാനത്തിൽതന്നെ തുടരുമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. തുടർച്ചയായ പത്താം തവണയാണ് റിപ്പോ നിരക്ക് മാറ്റമില്ലാതെ തുടരുന്നത്.
**********************************

**HEADLINE-4**

## NOBEL PRIZE - CHEMISTRY

ഈ വർഷത്തെ രസതന്ത്ര നൊബേൽ പുരസ്കാരം മൂന്നുപേർ പങ്കിട്ടു. ഡേവിഡ് ബേക്കർ, ഡെമിസ് ഹസ്സാബിസ്, ജോൺ എം. ജംപർ എന്നിവർക്കാണ് പുരസ്ക്കാരം. പ്രോട്ടീന്റെ ഘടനയും മറ്റുമടങ്ങുന്ന ഗവേഷണങ്ങൾക്കാണു പുരസ്കാരം. കംപ്യൂട്ടേഷനൽ പ്രോട്ടീൻ ഡിസൈനുമായി ബന്ധപ്പെട്ട ഗവേഷണമാണ് ഡേവിഡ് ബേക്കറിനെ പുരസ്കാരത്തിന് അർഹനാക്കിയത്. പ്രോട്ടീനിന്റെ ഘടനാ പ്രവചനവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കാണ് ഹസ്സാബിസിനും ജംപറിനും പുരസ്കാരം ലഭിച്ചത്.
**********************************

## HARYANA - CONGRESS-BJP

ഹരിയാനയിലെ തെരഞ്ഞെടുപ്പ് വിജയത്തിന് പിന്നാലെ മൂന്നാം തവണയും സർക്കാർ രൂപീകരിക്കാനുള്ള നീക്കങ്ങൾ ഊർജിതമാക്കി ബിജെപി. 90 അംഗ നിയമസഭയിൽ 48 സീറ്റുകളിലാണ് ബി.ജെ.പി വിജയം നേടിയത്. തെരഞ്ഞെടുപ്പിൽ

ബിജെപിയുടെ മുഖമായിരുന്ന നയാബ് സിംഗ് സൈനിയെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് പരിഗണിക്കാനാണ് സാധ്യത. എന്നാൽ മുഖ്യമന്ത്രി സ്ഥാനം പാർലമെന്ററി ബോർഡും പാർട്ടിയും ചേർന്ന് തീരുമാനിക്കുമെന്ന് ശ്രീ സൈനി പ്രതികരിച്ചു. അതേസമയം, ഹരിയാനയിലെ തിരഞ്ഞെടുപ്പ് ഫലം വിശകലനം ചെയ്തുവരികയാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. തിരഞ്ഞെടുപ്പിൽ കോൺഗ്രസിനെ പിന്തുണച്ച ജനങ്ങൾക്ക് രാഹുൽ ഗാന്ധി നന്ദി അറിയിച്ചു.
************************************

**HEADLINE-5**

## STATE ASSEMBLY

തൃശ്ശൂർപൂരം അലങ്കോലപ്പെട്ട വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം നിയമസഭ ചർച്ച ചെയ്ത് തള്ളി. സംഭവത്തിൽ സംസ്ഥാന സർക്കാരിന് പങ്കുണ്ടെന്നും, അതിനാലാണ് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെടുന്നതെന്നും പ്രതിപക്ഷനേതാവ് വി.ഡി സതീശൻ പറഞ്ഞു. മുഖ്യമന്ത്രിയ്ക്ക് കീഴിൽ നടക്കുന്ന ഒരു അന്വഷണവും സ്വീകാര്യമല്ലെന്നും അദ്ദേഹം വ്യക്തമാക്കി. പ്രതിപക്ഷത്തു നിന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ ആണ് അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിയത്. പൂരം അലങ്കോലപ്പെട്ട വിഷയത്തിൽ സമഗ്രമായ ത്രിതല അന്വേഷണം നടക്കുകയാണെന്നും, കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുമെന്നും ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് ദേവസ്വം മന്ത്രി വി.എൻ വാസവൻ പറഞ്ഞു. ആരോഗ്യ കാരണത്താൽ സഭയിൽ നിന്നും വിട്ടുനിൽക്കുന്നതിനാൽ, മുഖ്യമന്ത്രി പിണറായി വിജയന്റെ അസാന്നിധ്യത്തിലാണ് ചർച്ച നടന്നത്.
************************************

## POSTAL DAY - PATHANAMTHITTA (INTRO)

ഇന്ന് ലോക തപാൽ ദിനം. നാല് പതിറ്റാണ്ടിലേറെക്കാലമായി തപാൽ വകുപ്പ് ജീവനക്കാരനായി സേവനമനുഷ്ഠിക്കുന്ന

രവീന്ദ്രഭക്തൻ പത്തനംതിട്ട, കാട്ടൂർ പോസ്റ്റാഫീസ് പരിധിയിലെ 400 ഓളം കുടുംബങ്ങളിലെയും അംഗത്തെപ്പോലെയാണ്. തപാൽ ജീവനക്കാരൻ എന്ന നിലയിലുള്ള അവസാന തപാൽ ദിനാചരണത്തിലും പങ്കെടുത്ത കാട്ടൂരിന്റെ ഈ പ്രിയപ്പെട്ട പോസ്റ്റ്മാൻ ഈ മാസം 16 ന് വിരമിക്കുകയാണ്......

**ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധ ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

**************************************

**HEADLINE-6A**

## TABLE-TENNIS

കസാക്കിസ്ഥാനിലെ അസ്താനയിൽ നടക്കുന്ന ഏഷ്യൻ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ വനിതാ ടീമിന് വെങ്കലം. വനിതാ വിഭാഗത്തിൽ രാജ്യം നേടുന്ന ആദ്യ മെഡലാണിത്. അതേസമയം കസാക്കിസ്ഥാനെ വീഴ്ത്തി ഇന്ത്യൻ പുരുഷ ടീം സെമിയിൽ പ്രവേശിച്ചു.

**************************************

**HEADLINE-6**

## IND - BAN T20

ഇന്ത്യയും ബംഗ്ലാദേശും തമ്മിലെ രണ്ടാം ട്വന്റി-20 മത്സരം ആരംഭിച്ചു. ടോസ് നേടിയ ബംഗ്ലാദേശ് ഇന്ത്യയെ ബാറ്റിംഗിനയച്ചു. ന്യൂഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ മത്സരം വിജയിച്ച ഇന്ത്യ, പരമ്പരയിൽ 1-0ന് മുന്നിലാണ്.

**************************************

## ICC WOMEN T20

വനിതാ ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള മത്സരം ആരംഭിച്ചു. ടോസ് നേടിയ ഇന്ത്യ, ബാറ്റിങ്ങ് തെരഞ്ഞെടുത്തു. ദുബായ് അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ്

മത്സരം. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക സ്കോട്ട്ലൻറിനെ 80 റൺസിന് പരാജയപ്പെടുത്തി.

*

********************

**********************************************